**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4508** **06-03-2023 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങളെ മറികടന്ന് നേരിട്ട് പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നീക്കം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ എങ്ങിനെയെല്ലാം ബാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.<br>1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി<br>2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി<br>3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം<br>എന്നിവയാണ് രജിസ്റ്റർ ചെയ്ത പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. സഹകരണം സംസ്ഥാന വിഷയമായതിനാൽ പ്രാഥമിക സംഘങ്ങൾ രൂപീകരിക്കാനാകില്ല. എന്നാൽ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുന്നത് പ്രാഥമിക സംഘങ്ങൾക്ക് വെല്ലുവിളി ഉയർത്തും. |
| (ബി) | സഹകരണ രംഗത്ത് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളെ പ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | സംസ്ഥാന സഹകരണ നിയമത്തിന് വിരുദ്ധമായിട്ടാണ് ബാങ്കിംഗ് ഭേദഗതി നിയമം കേന്ദ്ര സർക്കാർ പാസ്സാക്കിയത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ആർട്ടിക്കിൾ 131 പ്രകാരം സുപ്രീംകോടതിയിൽ Suit ഫയൽ ചെയ്തിട്ടുണ്ട്. അർബൻ ബാങ്കുകൾ RBI നിയന്ത്രണങ്ങൾക്കെതിരെ ഫയൽ ചെയ്തിട്ടുള്ള കേസുകൾ ഇപ്പോൾ ചെന്നൈ ഹൈക്കോടതിയുടെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. കേന്ദ്ര നയങ്ങൾക്കെതിരെ പ്രതിരോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ പൊതുജന അഭിപ്രായം സ്വരൂപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ